# കഥാകാരൻ

40



ജെറോം

# കഥാകാരൻ

L
105

S. H. SCHOLASTICATE, CHETHIPUZHA, CHANGANACHERRY.

ജെറോം

1946 / S. J. Press, / MANNANAM.

Cum permissu superiorum.

കുസുമങ്ങൾ No. 40.

# കഥാകാരൻ

I

നനഞ്ഞ കണ്ണുകളുമായി സരോജം വീട്ടിലെത്തി.

"അമ്മാ!"

ഇടറിയ സ്വരത്തിൽ അവൾ വേഗം വിളിച്ചു. എന്നാൽ അ വിളി കേൾക്കുവാൻ ഒരു മാതാവ് അവിടെ ഉണ്ടാ യിരുന്നില്ല. കൊച്ചുപുത്രിയുടെ മധുരസംബോധനയിൽ നിർദ്ദയമൌനം അവലംബിക്കത്തക്ക ഹൃദയ കാഠിന്യം മാതാവിനുണ്ടോ?

"അ — — — അമ് — മാ!"

സരോജം കരഞ്ഞുകൊണ്ട്, മുറി തുറന്നു. ആ ചെറിയ ഭവനത്തിൻെറ ഇടുങ്ങിയ മുറിയിൽനിന്നും മുഴങ്ങിയ മാറെറാലി അല്ലാതെ മറെറാന്നും ആ മകളുടെ ആവശ്യ ത്തേ അന്വേഷിക്കുന്നതിനു തയാറായില്ല.

കണ്ണുനീർകൊണ്ടു നനഞ്ഞ പുസ്തകസഞ്ചി താഴെ ഇട്ടതിനുശേഷം ആ കൊച്ചുബാലിക അടുക്കളയിലേക്കു കടന്നു.

"അമ്മാ — — — അ - - - മ്മാ!"

അവിടെയും മാതാവിനെ കാണാതിരുന്നതിനാൽ അവൾ പൊട്ടിക്കരഞ്ഞു.

"അ — — — അമ് — — — മ്മാ!"

കരളലിയിക്കുന്ന ആ വിളിയും നിഷ്പ്രയോജനമായി തീ ൎന്നതേയുള്ളു. സഹിക്കാനും ക്ഷമിക്കാനും ആ കരുന്നു ഹൃ ദയത്തിനു കരുത്തില്ലായിരുന്നു. അസഹനീയതയും അ ക്ഷമതയുംചേന്ന് അവൾ വീണ്ടും മുറവിളികൂട്ടി.

"അ – – – അ – – – മ് – – – മച്ചീ!"

കരുണ രസാത്മകമായിരുന്ന ആ സംഗീതത്തിനു് താളം പിടിക്കുവാൻ അവൾ പിഞ്ചുകൈകൾകൊണ്ടു മാറത്തടിച്ചു; അതിനു സാക്ഷി നിന്ന മാരുതൻ നിശ്ചഞ്ചലനായി!

x x x x x

കുടുംബിനി വീട്ടിലെത്തി. മാതൃഹൃദയം നടുങ്ങുന്ന ഒരു കാഴ്ച! നിലത്തുവീണു കിടന്ന സരോജത്തിനെ അവൾ കോരിയെടുത്തു.

"സരോ!"

ഭയത്തോടും പരിഭ്രമത്തോടുംകൂടി ആ മാതാവു വിളിച്ചു

"സരോ! – – – കുഞ്ഞേ!!"

അവളുടെ സ്വരം ക്ഷണം കലുഷമായി!

"ഹ് – – അ – – യ്യോ! എന്റെ – – പൊ – ന്നു സരോ!!"

അഞ്ഞൂറിലധികം ചുംബനങ്ങൾകൊണ്ടു്, വാടിത്തളന്ന പുത്രിയേ അവൾ പൊതിഞ്ഞു; ആയിരത്തിലധികം അശ്രുബിന്ദുകൾ ആ ചുംബനങ്ങളേ ഉടനുടൻ കഴുകിക്കളഞ്ഞു!

കലങ്ങിയ കണ്ണുകളിൽ ആ മാതാവിന്റെ വാത്സല്യം മുററിനിന്നു. അസഹനീയതയുടെ ഒരു ദാരുണ നടനം അതിനകം അവിടെ നടക്കുകയായിരുന്നു.

ഒരുകൈ തണുത്തവെള്ളം ആ പൂമുഖത്തിൽ അവൾ ഉററിച്ചു തളിച്ചു.

സരോജത്തിന്റെ കണ്ണുകൾ തുറന്നു!

"ഹ – – – മ്മാ!"

"കുഞ്ഞേ"

ജലത്തിൽ മുങ്ങിപ്പൊങ്ങിയ സ്ഥലജന്തുവിനേപോലെ വസുമതി ഒന്നു നിശ്വസിച്ചു.

"രവീന്ദ്രനെവിടെ?"

ആർത്തിയോടുകൂടി അവൾ അന്വേഷിച്ചു!

2/105
S. H. SCHOLASTICATE
CHETHIPUZHA
CHANGANACHERRY

"അ — — — മ് — — — മ്മാ!"
മകൾ വിങ്ങി വിങ്ങിക്കരഞ്ഞു.
മാതാവിന്റെ ഹൃദയം അതിൽ വേദനിച്ചു.

"അമ്മേ — — — ചേട്ടൻ — — —"

സരോജം ഏങ്ങലടിച്ചു നിറുത്തി. വസുമതിയുടെ ഹൃദയത്തിൽ ഒരു തീ കത്തൽ!

"എന്തിയേ?"

"പോ — — — യി"

ആ മാതൃശരീരം കോരിത്തരിച്ചു.

"എവിടെ പോയി?"

കുറേ സമയത്തെ നിശ്ശബ്ദതക്കുശേഷം വസുമതിയുടെ പുത്രവാത്സല്യം അളിപ്പൊങ്ങി.

"എന്റെ — — — ര — — വി — — —"

"ചേട്ടനേ കൊണ്ടുപോയി"

വസുമതി വാവിട്ടു വിലപിച്ചു.

"അരാണു മോളേ?"

കരയുന്നതിനിടയിൽതന്നെ മകളുടെ കണ്ണുനീർ തുടച്ചു കൊണ്ട് ദീനയായി അവൾ ചോദിച്ചു.

"കാറിൽ കേറി പോയി"

വീണ്ടും അശ്രുക്കൾ വീഴ്ത്തി മാതാവിന്റെ ചോദ്യത്തിനുത്തരമെന്നവണ്ണം സരോജം പറഞ്ഞു.

"ആരാണു കുഞ്ഞേ കൊണ്ടുപോയതു്?"

ഇടറിയ സ്വരത്തിലെങ്കിലും മാതാവു് വ്യക്തമായി ചോദിച്ചു.

"സായിപ്പച്ചൻ!"

വസുമതിയുടെ ശരീരം ആലിലപോലെ വിറച്ചു! പശ്ചിമ ചക്രവാളത്തിലെ അന്തിവാനിടംപോലെ അവളുടെ ഗണ്ഡങ്ങൾ ചെമന്നു!

അവളുടെ അധരങ്ങൾ വരളുകയായിരുന്നു; ചില്ലിക്കൊടികൾ വളയുകയായിരുന്നു; കൺമണികൾ മറിയുകയായിരുന്നു! അവൾ അലറി:

"പാതിരി! കള്ളപ്പാതിരി!! — — — അവൻ എന്റെ കുഞ്ഞിനെ നാടുകടത്തിയല്ലോ!!!"

നിമിഷങ്ങൾ മുന്നോട്ടു നീങ്ങി. ജിഹ്വ മരവിച്ചതുപോലെയും ശരീരം നിർജ്ജീവമായതുപോലെയും വസുമതി അവശയായിത്തീർന്നു. എങ്കിലും അവളുടെ ഹൃദയം അപ്പോഴും സജീവമായിരുന്നു— വിദ്വേഷാഗ്നിയിൽ അതു് എരിപൊരികൊള്ളുകയായിരുന്നു! ആ എരിപൊരികൊള്ളലിൽ അവൾ ഉണർന്നു.

"കള്ളപ്പരിഷകൾ! കള്ളപ്പാതിരികൾ! — — — അയ്യോ! എന്റെ രവി — — — അയ്യോ! ദുഷ്ടാ! പാതിരീ! — — — നിന്നെ ഞാൻ!!"

കലികൊണ്ട കരടിയെപ്പോലെ വസുമതിയുടെ കൈകാലുകൾ ഇളകി. അവളറിയാതെതന്നെ അവളുടെ ഹൃദയം മുമ്പോട്ടു കുതിച്ചു!

എന്നാൽ അവളുടെ കോപത്തിനിരയാകുവാൻ അവിടെ ആരുണ്ടു്? അവളിൽതന്നെ അവളുടെ കോപം അസ്തമിച്ചു.

"ഹാ! നരസിംഹമൂർത്തേ! അവനേ നശിപ്പിക്കണേ"

അങ്ങനെ ശപിച്ചു് അവൾ സമാധാനിച്ചു.

"വസൂ, ഇതെന്താണെ്?"

ഗംഭീരസ്വരത്തിൽ ചോദിച്ചുകൊണ്ടു് വറുഗീസു്— അവളുടെ ഭർത്താവു്— മുറിയിൽ പ്രവേശിച്ചു. വിറയ്ക്കുന്ന കൈയിൽ ഒരു ടിൻ കുട്ടിക്കൂറാ പൌഡർ അയാൾ മുറുകെ പിടിച്ചിരുന്നു.

"വസുമതി ഇതെവിടെനിന്നു കിട്ടി?"

പൌഡർപ്പാത്രം മുന്നോട്ടു നീട്ടിക്കൊണ്ടു് പൂർവ്വാധികം ഗൌരവത്തോടുകൂടി അയാൾ ഭാര്യയോടു ചോദിച്ചു

അവൾ അധോമുഖിയായി; നിശ്ചഞ്ചലയായി; ഇതികർത്തവ്യതാമൂഢയായി!

"ഇവിടെ നോക്കി പറ! ഇതെവിടെനിന്നു കിട്ടി?"

അയാൾ അട്ടഹസിച്ചു. അയാളുടെ മുഖം ചുളിഞ്ഞു; ഉഗ്ര

നേത്രങ്ങൾ വസുമതിയുടെ മുഖത്ത് രൂക്ഷമായി പതിഞ്ഞു!

അവൾ മുഖമുയത്തി. എന്നാൽ വറുഗീസിൻെറ നിശിതദൃഷ്ടികളേററ് ആ മുഖം താനേ കുനിഞ്ഞു.

"പറയൂ വേഗം!"

വസുമതിയുടെ നാവ് ഇളകിയില്ല. അവളുടെ ശരീരം വിളറി. ക്ഷണം അതു വിയപ്പുതുള്ളികൾകൊണ്ടു പൊതിഞ്ഞു.

"ദുഷ്ടേ, വഞ്ചകീ!"

ആ ഭത്താവിൻെറ കൈകാലുകളിലെ രോമങ്ങൾ ഉതറി. വലതുകൈ മടക്കിനുള്ളിൽ ഇരുന്ന ഒരു അഞ്ചുരൂപാനോട്ടെടുത്ത് അയാൾ വിടത്തി.

"ഈ അഞ്ചുരൂപാ നിനക്കെവിടെനിന്നു കിട്ടി?"

അയാൾ അകപ്പാടെ ഭാവം മാറിയവനായി. ഇതിലധികം ഒരു പരിഭ്രമം വസുമതിക്ക് ഉണ്ടാകുവാനില്ലായിരുന്നു. സ്വരം അല്പം താഴ്ത്തി വറുഗീസ് പറഞ്ഞു:

"ഇതൊക്കെ ഞാൻ നേരത്തേ മനസ്സിലാക്കിയതാണ്"

പൌഡറിൻെറയും പണത്തിൻെറയും കാര്യം പുത്രിയുടെ അതുരാവസ്ഥയിൽ അശേഷം വിസ്മരിച്ചുപോയ തൻെറ ഹൃദയഗതിയേ വസുമതി അയ്യായിരം തവണ ശപിച്ചു. ഭത്താവു വരുന്നതിനുമുമ്പ് തിണ്ണയിൽനിന്നും അതെടുത്തു മാററി പെട്ടിയിൽവച്ചു പൂട്ടുവാൻ സാധിക്കാതെപോയ അത്യാഹിതമോത്ത് അവൾ നടുങ്ങി."

കുററം ചെയ്തുപോയി; അതു ഭത്താവറിയുകയും ചെയ്തു. ഇനി അതു ഗോപനം ചെയ്യേണ്ടതില്ലെന്ന് വസുമതിയുടെ കപടമോ നിഷ്കപടമോ ആയ മനസ്സാക്ഷി അവളെ ഉപദേശിച്ചു. എന്നാൽ അതിനുമുമ്പുതന്നെ വ. ഗീസ് ആ നോട്ട് കഷണം കഷണമായി കീറിയെറിഞ്ഞു. അതു കണ്ടപ്പോൾ അവളുടെ ഹൃദയം ത്രസിച്ചു. വെടിവും കോപവും അവൾക്കുണ്ടായി.

“എൻെറ രൂപാ ഇപ്പം ഇങ്ങുതന്നില്ലേലൊണ്ടല്ലോ? അവൾ പരിഭവ സ്വരത്തിൽ വീരവാദം ചെയ്തു.

“രൂപാ! നിൻെറ രൂപായോ? — — — കണ്ടവൻെറ രൂപാ വാങ്ങിക്കുന്ന കുടിലേ!!”

കൈയിലിരുന്ന പൌഡർടിൻ അയാൾ ഭാര്യയുടെ തലയ്ക്കുനേരേ എറിഞ്ഞു! അതേററു് അവൾ പുറകോട്ടു് വീണു!!

II

വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഒരുമിച്ചു പഠിച്ചിരുന്ന ഒരു സ്ക്കൂളിലാണു് വറുഗീസ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നിർവഹിച്ചതു്. അന്നു് അയാളുടെ യൌവന കൊഴുപ്പിൽ വീണടിഞ്ഞ ഒരു ശലഭമായിരുന്നു വസുമതി.

ആകാരസൂക്ഷമയിൽ ആകൃഷ്ടരായി ചമയുന്ന യുവകാമുകർക്കു് വിഘ്നങ്ങളേയും വീർപ്പുമുട്ടുകളേയും വിചാരണ ചെയ്യുവാൻ കഴിയുന്നില്ല. വസുമതി ഒരു നായർയുവതിയാണെന്നു ധരിച്ചിരുന്നെങ്കിലും, അവളേ സ്നേഹിക്കാതിരിക്കുവാനും, സ്നേഹിച്ചാലുണ്ടാകാവുന്ന വൈഷമ്യങ്ങൾ മുന്നാലോചിക്കുവാനും കത്തോലിക്കനായ വറുഗീസിനു സാധിക്കാതെപോയി!

അന്യമതസ്ഥയുമായുള്ള വിവാഹത്തിനു് മാതാപിതാക്കളുടെ അനുമതി ലഭിക്കുകയില്ലെന്നു് അയാൾ മനസ്സിലാക്കി. എന്നാൽ സഹൃദയത്വം തികഞ്ഞ ഒരു സാഹിത്യകാരനും ബുദ്ധിവികാസമുള്ള ഒരു തത്വചിന്തകനുമായിരുന്ന അയാൾക്കു് തൻെറ പ്രണയത്തിനു പിന്നിൽ വേണ്ടത്ര ശക്തങ്ങളായ യുക്തികൾ സംഭരിക്കുവാൻ പ്രയാസം ഉണ്ടായില്ല. ഹൃദയങ്ങൾ തമ്മിലുള്ള ഐക്യത്തിൽ ജാതി ചിന്തകൾ നിരർത്ഥകങ്ങളാണെന്നു് സമർത്ഥിക്കുവാൻ അയാൾക്കു ക്ഷണം കഴിഞ്ഞു.

“മകനേ നിൻെറ മനസ്സുതിരിയുവാൻ സർവ്വശക്തനോടു ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കും. വി. പൌ

ലോസിനെ മാനസാന്തരപ്പെടുത്തിയ ദൈവം നിന്നെയും മാനസാന്തരപ്പെടുത്തട്ടെ!"

വറുഗീസ് വിവാഹാനുവാദം ചോദിച്ചപ്പോൾ അയാളുടെ മാതാവ് പല ഉപദേശങ്ങൾക്കും ശാസനകൾക്കും ശേഷം പറഞ്ഞു.

"നീതിമാനായ ദൈവമേ 'ചോദിപ്പിൻ; തരപ്പെടും' എന്നാണല്ലോ അങ്ങ് അരുളിയിട്ടുള്ളത്"

അവർ കണ്ണുനീരുമായി പ്രാർത്ഥിച്ചു.

"എന്റെ പ്രാർത്ഥന എന്റെ മകന്റെമേലും അവന്റെ സന്തതികളുടെമേലും ഫലിക്കേണമെ!"

മാതാവിന്റെ ഹൃദയംഗമമായ ആ പ്രാർത്ഥന കേട്ടിട്ടും വറുഗീസിന്റെ വിവാഹനിശ്ചയം വ്യതിചലിച്ചില്ല. അയാളുടെ സഹൃദയത്വവും തത്വചിന്തയും, അനുരാഗാവേശത്തിനുമുമ്പിൽ മാതൃനിർദ്ദേശം നിശ്ശങ്കം നിരാകരിക്കുവാൻ അയാളെ അഭ്യസിപ്പിച്ചു കഴിഞ്ഞിരുന്നു!

വിവാഹാനുമതി വാങ്ങാൻ ഇടവകപ്പള്ളിയിലെ വികാരിയച്ചനെ അയാൾ സമീപിച്ചു!

"മകനേ നേരായമാർഗ്ഗമുള്ളപ്പോൾ അതല്ലേ കുറേക്കൂടി നന്ന്?"

വറുഗീസിന്റെ വിവാഹകാര്യങ്ങൾ ശ്രവിച്ചു കഴിഞ്ഞപ്പോൾ വികാരിയച്ചൻ സസ്മിതം ചോദിച്ചു.

"കത്തോലിക്കാമതത്തിൽ പെടാത്ത ഒരുവൾ ഈശ്വരസൃഷ്ടി അല്ലന്നോ?"

അയാൾ ന്യായപൂർവ്വം വാദിച്ചു.

"അതെ ദൈവസൃഷ്ടിതന്നെ. താരംമുതൽ തരിമ്പുവരെയുള്ള സകലതും ഈശ്വരനിർമ്മിതങ്ങളാണ്!"

"പിന്നെന്താ?"

"ഒരു നായർസ്ത്രീയെ നീ വിവാഹം കഴിച്ചാൽ എന്റെ മകനേ, കത്തോലികാ മതവിശ്വാസങ്ങളും പ്രാർത്ഥനകളും അവളെ നീ പഠിപ്പിക്കണമല്ലോ".

വറുഗീസിന്റെ ശിരസ്സിൽ കൈവച്ചുകൊണ്ട് വൈദികൻ സ്നേഹപുരസ്സരം മറുപടി പറഞ്ഞു.

"അതെന്തിന്? ഈശ്വരൻ ആകെ ഒന്നുമാത്രം. ആ ഈശ്വരനോട് തന്നുകാര്യങ്ങൾ പറയുവാൻ വല്ലതും പഠിക്കാനുണ്ടോ? അഥവാ ഓരോ കാര്യത്തിനും പ്രത്യേകം പ്രത്യേകം അപ്പ്ളിക്കേഷൻ ഫാറങ്ങളുമായാണോ ഈശ്വരൻ അവിടെ അങ്ങനെ ഇരിക്കുന്നതു്?"

വറുഗീസിന്റെ സിദ്ധാന്തം നല്ല രീതിയിൽ വിനിർഗ്ഗളിച്ചു.

"കുഞ്ഞേ, എന്നാൽ പിന്നെ ഇങ്ങനെ തിരുസഭ എന്നൊന്നു വേണ്ടായിരുന്നു. ഏതൊരു സംഘടനയ്ക്കും അതിന്റെ പ്രത്യേക നിയമങ്ങളും രീതികളും ഇല്ലാതെ നിവൃത്തിയില്ല"

"അതേ, തിരുസഭ എന്നൊന്നു വേണ്ടായിരുന്നു. ഈശ്വരനോടു പ്രാത്ഥിക്കുവാൻ ഒരു മനുഷ്യനു് വേറൊരു മനുഷ്യനേ ശുപാൎശ പിടിക്കണമെന്നു പറയുന്നതു് എത്ര അനൗചിത്യമാണ്!"

വറുഗീസു് തികഞ്ഞ ഒരു വാചാലനായിരുന്നു. അയാളോടു സംസാരിക്കുവാൻ — തക്കിക്കുവാൻ — പൊതുവേ ശാന്തസ്വഭാവക്കാരനായിരുന്ന വൈദികനു വിഷമം തോന്നി. എങ്കിലും അക്ഷമനാകാതെ അദ്ദേഹം മന്ദമായി പറഞ്ഞു.

"ഒരു പന്തലിനു ബലമായ തൂണുകൾ വേണം; അല്ലെങ്കിൽ അതു താഴെ വീഴും. അതുപോലെ ഒരു സമുദായത്തിനും ബലമുള്ള തൂണുകൾവേണം. ക്രിസ്തുരാജൻതന്നെ കത്തോലിക്കാസഭയേ അപ്പസ്തോലന്മാരെന്ന പന്ത്രണ്ടു തൂണുകളിലല്ലേ സ്ഥാപിച്ചതു്?"

"ശരിയായിരിക്കാം. എന്നാൽ അങ്ങനെ തൂണുകളായി വത്തിക്കുവാൻ അച്ചന്മാൎക്കല്ലാതെ അൽമേനികൾക്കും ആയിക്കൂടെ"?

"അതു പാടില്ല. ക്രിസ്തു പത്രോസിനോടുമാത്രമാണു പറഞ്ഞതു് 'നീ എന്റെ ആടുകളേ മേയിക്കുവിൻ' എന്നു്! അല്ലാതെ ആടുകളിൽ ഒന്നിനോടെങ്കിലും അങ്ങനെ പറഞ്ഞില്ല."

തത്വചിന്തകനായ വറുഗീസും വേദപാരംഗതനായ വൈ ദികനും വളരെ നേരം വാദം തുടൻ്നു. വസുമതി കത്തോ ലിക്കാമതം സ്വീകരിക്കുന്നതായാൽ വിവാഹം അനുവദി ക്കാമെന്നും അല്ലെങ്കിൽ, വിവാഹാനുമതി കൊടുക്കുവാൻ സഭയ്ക്കു നിർവാഹമില്ലെന്നും വൈദികൻ ഉപസംഹ രിച്ചു.

വറുഗീസ് മുമ്പുതന്നെ ചോദിച്ചു മനസ്സിലാക്കിയി രുന്നു, ഹിന്ദുമതത്തിൽനിന്നു വ്യതിചലിക്കുവാൻ വസു മതി സമ്മതിക്കുകയില്ലെന്ന്. എങ്കിലും ആ സാഹിത്യ കാരൻെറ സ്വപ്നലോകത്തിൽ വസുമതിയുമായുള്ള വിവാഹം അനുവദനീയവും ശുഭസൂചകവുമായിരുന്നു. അ യാൾ വിദ്വേഷഭാവത്തിൽ പിറുപിറുത്തു.

> "അച്ചൻ! മനുഷ്യത്വമില്ലാത്ത അച്ചൻ!! മനുഷ്യ ഹൃദയത്തെ മനസ്സിലാക്കാതെ മനുഷ്യരേ ഭരിക്കുന്ന അച്ചൻ!!!"

ബിഷോപ്പുതിരുമേനിയുടെ സന്നിധിയിലും വറുഗീസ് വി വാഹാനുമതിക്കു ചെന്നു. എന്നാൽ വൈദികൻേറതിൽ നിന്നും അകന്നതായിരുന്നില്ല, വൈദികമേലദ്ധ്യക്ഷൻെറ അഭിപ്രായവും. തിരുസഭയുടെ വിശ്വാസസത്യങ്ങൾ പ ലക്കും വിപരീതമായി തോന്നുവാൻ ഇടയില്ലല്ലോ!

തിരുസഭയോടും സഭാഭരണകർത്താക്കളോടും വറു ഗീസ് വിദ്വേഷംകൊണ്ടു. സഭാദൃഷ്ടിയിൽ അസാധുവായ ആ വിവാഹം പ്രണയപാരവശ്യനായിത്തന്നെ അയാൾ നടത്തി. രജിസ്റ്റർ കച്ചേരിയിലെ മൂട്ടപിടിച്ച ബെഞ്ചായ രുന്നു വിവാഹപീഠം എന്നതു് ആ മംഗളകർമ്മത്തിന് ഒരു തരക്കേടായി അയാളുടെ സഹൃദയത്വത്തിനു തോന്നി യില്ല!

തിരുസഭയിൽനിന്നും വറുഗീസിനെ ബഹിഷ്കര ച്ചിരിക്കുന്നതായി ഒരറിയിപ്പുണ്ടായി! അയാളുടെ മാതാപി താക്കൾക്കു അതു് മർമ്മഭേദകമായിരുന്നു. അവരുടെ കണ്ണു കൾ ചുടുനീർകൊണ്ടു നിറഞ്ഞു. എങ്കിലും വറുഗീസിൻെറ

കണ്ണുകളിൽ ഒരുതുള്ളി ജലം പൊടിക്കുകപോലും ചെയ്തില്ല.

"അച്ചൻ! മനുഷ്യത്വമില്ലാത്ത അച്ചൻ!! മനസ്ഥിതിയില്ലാത്ത ബിഷോപ്പ്!!!"

അങ്ങനെ അയാൾ കുററപ്പെടുത്തുകമാത്രം ചെയ്തു.

തിരുസഭയിൽനിന്നു ബഹിഷ്കൃതനായ പുത്രനേ ഭവനത്തിൽ താമസിപ്പിക്കുവാൻ, തികഞ്ഞ മതവിശ്വാസികളായിരുന്ന അയാളുടെ മാതാപിതാക്കൾ തിരുസഭയുടെപേരിൽ അനുവദിച്ചില്ല.

"പോ! അകലെപോ!! പുകഞ്ഞ കൊള്ളി പുറത്തു്!!!"

അയാളുടെ പിതാവു് അട്ടഹസിച്ചു. മാതാവാകട്ടെ മുട്ടുകളൂന്നി ധ്യാനനിരതയായതേയുള്ളു.

പതിവിലധികം കണ്ണുകൾ പലയിടത്തുവച്ചും വറുഗീസിൻെറമേൽ പരുഷമായി പതിഞ്ഞു തുടങ്ങി. അവയിലൊക്കെയും ഒരു പരിഹാസത്തിൻെറ ഛായ കലന്നിരുന്നതായി അയാളുടെ സഹൃദയത്വം മനസ്സിലാക്കി. തെണ്ടിക്കുട്ടികൾപോലും ആക്ഷേപിക്കുന്നതു് അയാൾക്കു് അസഹനീയമായിരുന്നു. അവസാനം അവിടെനിന്നും അയാൾ തിരിച്ചു—എങ്ങോട്ടെന്നില്ലാതെ, എന്നാൽ ഇപ്പോൾ അയാൾക്കു് ഒരു വാൽ അധികമായി പുറകിലുണ്ടായിരുന്നു—വസുമതി!

## III

"ഒരു വീടില്ലാതെ എന്തു ചെയ്യും? എവിടെ ശയിക്കും? നമ്മുടെ പ്രണയത്തിനു് നമ്മുടെ ഹൃദയങ്ങൾ ഇരുപ്പിടങ്ങളായുണ്ടു്! നമുക്കും ഇരിപ്പിടം വേണ്ടേ? വസുനീ ആലോചിച്ചുനോക്കു"

"അതിനു ഞാനെന്തുവേണം"

ഭർത്താവിൻെറ ഉപദേശത്തിൽ ഭാര്യ പല്ലിറുമ്മുകയാണു് ചെയ്തതു്?

വറുഗീസിന്റെ കൈവശം ചെറിയ ഒരു തുകയേ ഉണ്ടായിരുന്നുള്ളു.

ഭാര്യയുടെ സ്വർണ്ണാഭരണങ്ങൾ വില്ക്കുവാൻ അയാൾ തീർച്ചയാക്കി. എന്നാൽ അവരുടെ വിസമ്മതം അയാളുടെ അനുരാഗത്തിനു നേരേ ഒരു ചോദ്യചിഹ്നം രചിച്ചു. ആ വിസമ്മതത്തെ വിഗണിക്കാതിരിക്കാൻ അയാൾക്ക് തരമുണ്ടായിരുന്നില്ല. ആഭരണങ്ങൾ വില്ക്കുവാൻ അയാൾ നിബ്ബന്ധിതനായി. അകലെ ഒരു ചെറിയ പറമ്പും ഭവനവും അയാൾ വാങ്ങി. അങ്ങനെ ആ ദമ്പതികൾക്ക് വസിക്കുവാൻ സ്ഥലവുമായി!

ജീവിതദുരിതങ്ങൾ വറുഗീസിൽ ഒട്ടിത്തുടങ്ങി. അതിന്റെ യാഥാർത്ഥ്യങ്ങൾ അയാൾക്ക് അനുഭവപ്പെട്ടു. സഹൃദയത്വം തുളുമ്പുന്ന അയാളുടെ ഭാവനകളും അവയെ പിൻതാങ്ങി. ചില ചെറുകഥകൾ ആ യാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ചുകൊണ്ട് അയാൾ എഴുതി. മാസികകൾക്കും ആഴ്ചപ്പതിപ്പുകൾക്കും അവയെല്ലാം അയച്ചുകൊടുത്തു. പ്രതിഫലമായി ഒന്നുംതന്നെ ലഭിച്ചില്ല! എങ്കിലും തന്റെ സഹൃദയത്വം സഫലമായതോർത്ത് അയാൾ സന്തോഷിച്ചു.

വസുമതിയുടെയും വറുഗീസിന്റെയും ദാമ്പത്യജീവിതം നിന്നുനിന്നു വിഷ്പു മുട്ടിത്തുടങ്ങി. അയാളുടെ സഹൃദയത്വം സിദ്ധാന്തിച്ചു, 'പ്രണയമാധുര്യത്തിനുമാത്രമേ ദാമ്പത്യത്തിൽ സ്ഥാനമുള്ളു' എന്ന്!

പട്ടിണികൊണ്ടു വിളറിയ കാന്താമുഖത്തിൽ അയാൾ പ്രേമപൂർവ്വം ചുംബിച്ചു.

"വസു, നിന്നെ ഞാൻ എങ്ങനെ സ്നേഹിക്കാതിരിക്കും?"

അയാളുടെ പ്രേമം സഹൃദയത്വത്തിൽക്കൂടി അങ്ങനെ സരളമായി പ്രവഹിച്ചു.

"അതുകൊണ്ടുമാത്രം എന്റെ വയറു നിറഞ്ഞെങ്കിൽ തരക്കേടില്ലായിരുന്നു!"

അവൾ ഗൌരവം നടിച്ചുകൊണ്ടു തുടൎന്നു:

"വേളി ചെയ്താമാത്രം പോരാ. വല്ലതും ചെലവിനു കൂടി കൊണ്ടുവന്നു തരണം."

വറുഗീസിൻെറ സഹൃദയത്വം ഇതിനു കീഴ്പെട്ടു. ആത്മാവു ക്ഷതപ്പെട്ടതുപോലെ അയാൾ അവശനായി.

എപ്പോഴും വസുമതിയുടെ അഴകു കണ്ടുകൊണ്ടിരിക്കുവാൻ — ആസ്വദിച്ചുകൊണ്ടിരിക്കുവാൻ — വറുഗീസിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ എന്തു ചെയ്യാം? പ്രണയലോലനായ ആ സാഹിത്യകാരനും പൊരിയുന്ന വയറിനെ തണുപ്പിക്കാതെ നിവൃത്തിയുണ്ടോ? അഴമേറിയ സഹൃദയത്വവും യുക്തിവായ്പും അയാൾക്കുണ്ടായിരുന്നെങ്കിലും അരച്ചാൺ വയറും, അയാളുടേതായിരുന്നു. വേറൊരു അരച്ചാൺ വയറുകൂടി അയാളുടേതിനോട് തൊടുക്കപ്പെട്ടുമിരുന്നു!

ഒരു പ്രൈവറു പ്രൈമറിസ്കൂളിലെ അദ്ധ്യാപകനായി അയാൾ ജോലി തുടങ്ങി. പന്ത്രണ്ടുരൂപാ ശമ്പളവും! അതുകൊണ്ട് അയാൾ വല്ലവിധവും ഞെക്കിപ്പിഴിഞ്ഞു കഴിച്ചുകൊള്ളുമായിരുന്നു — കഴിച്ചുവന്നു. എന്നാൽ പ്രേയസിയിൽനിന്നും അത്രയുംനേരം പിരിഞ്ഞിരിക്കുക!— അതാണ് അയാളുടെ പ്രണയപാരമ്യത്തിനു നേരെ വിഷം ചീററിയതു്!

"നാലു മൈലകലെ പന്ത്രണ്ടുരൂപാ ശമ്പളത്തിൽ ജോലി നോക്കുക!"

ആലോചിക്കുമ്പോൾ അയാൾ ലജ്ജിച്ചു തലതാഴ്ത്തി. എങ്കിലും ആ ജോലി ഉപേക്ഷിക്കുവാൻ അയാൾക്കു നിർവാഹമില്ലായിരുന്നു - മററു നിവൃത്തിമാൎഗ്ഗങ്ങളുടെ അഭാവത്താൽ.

"ഈ പന്ത്രണ്ടുരൂപാകൊണ്ട് ഞാൻ എങ്ങനെ ചെലവു നടത്തും?"

സ്കൂൾ മാനേജരായിരുന്ന വൈദികൻെറ മുമ്പിൽ അയാൾ ആവലാതിപ്പെട്ടു.

"സാറേ ഞാൻ എന്തു ചെയ്യണം?"

ഉദാസീന ഭാവത്തിൽ പുരോഹിതൻ തുടൎന്നു:

"നിങ്ങൾ സഭയിൽനിന്നും ബഹിഷ്കൃതനായതിനാൽ ഇവിടെ ജോലി തരുവാൻ പാടുള്ളതായിരുന്നില്ല. എന്നാൽ 'ശത്രുവിനേ സ്നേഹിക്കുവിൻ' എന്ന ദൈവവചനത്തേ ആദരിച്ചും നിങ്ങളുടെ ദൈന്യത കണ്ടിട്ടും മാത്രമാണ് ഞാൻ നിങ്ങളേ ഇവിടെ ജോലിക്കെടുത്തതു്. ഇതിൽ കൂടുതൽ ഒരു ശമ്പളം തരുവാൻ ഈ ഇടവകയ്ക്കു് നിവ്വാഹമില്ല."

"തിന്നു മദിക്കുന്ന പുരോഹിതൻ! മററുള്ളവരും വയറും വിശപ്പുമുണ്ടെന്നറിയാത്ത പുരോഹിതൻ!!"

അവലാതിക്കാരൻ മന്ത്രിച്ചുകൊണ്ടു പിന്തിരിഞ്ഞു.

വറുഗീസിനു സ്നേഹിക്കാനറിയാമായിരുന്നു— പ്രേയസിയേ ഉള്ളഴിഞ്ഞു സ്നേഹിക്കാനറിമായിരുന്നു. വിവാഹാനന്തരം സംവത്സരം ഒന്നു നീങ്ങികഴിഞ്ഞില്ല. എന്നാൽ ചെറുകഥാകാരൻ ഒരു ആൺകുട്ടിയുടെ പിതാവായിക്കഴിഞ്ഞു.

അവരുടെ ജീവിതഗതിയിൽ വസുമതിയുടെ അഭിപ്രായങ്ങൾ വറുഗീസിനേററതിനേക്കാൾ ഒച്ചപ്പാടുണ്ടാക്കി. അതൊക്കെയും അയാളുടെ അന്തരംഗഹൃദയം അത്ര്യമാത്ര്യം ആനന്ദത്തോടുകൂടെ അനുവദിക്കുകയും ചെയ്തു.

"എൻെറ പിതാവിൻെറ പേരാണു് കുഞ്ഞിനിടേണ്ടതു് — മാത്തു"

വറുഗീസു് ഭായ്യയോടു പറഞ്ഞു.

"മാത്തു! മാത്തു!! മത്തിമം!!!"

പ്രസവക്ഷീണം വകവയ്ക്കാതെ അവൾ അട്ടഹസിച്ചു.

"എൻെറ കുഞ്ഞിനു ഞാൻ രവീന്ദ്രൻ എന്നു പേരിടും"

ആ തത്വവാദിക്ക് പിതൃഭക്തി കുറവായിരുന്നില്ല. അയാൾ ഭായ്യയേ വളരെയധികം ഉപദേശിച്ചു, ശിശുവിനു മാത്തു എന്നു പേരിടാൻ. എന്നാൽ അവളുടെ ശരീരം കോപിച്ചു തുള്ളുകയാണു് ചെയ്തതു്. ഭത്താവിൻെറ വകയായിരുന്ന ഒരു 'തിരുഹൃദയ'ത്തിൻെറ രൂപം അവൾ തട്ടിയുടച്ചു.

ശ്രീകൃഷ്ണ ചിത്രത്തിനു മുമ്പിൽ ദീപം കൊളുത്തി ശിശുവിനെ അവൾ 'രവീന്ദ്രൻ' എന്നു പേർ വിളിച്ചു. വസുമതിയെ സ്നേഹിക്കാനറിയാമായിരുന്ന വറുഗീസിനു് ഇതെല്ലാം ക്ഷമിക്കാനുമറിയാമായിരുന്നു.

അകലെയുള്ള കുന്നുകളെ ആദിത്യൻ പ്രേമപുരസ്സരം പിന്നെയും പല തവണ ചുംബിച്ചു. ഒരു പെൺകുട്ടികൂടെ ആ ദമ്പതികൾക്കു ജനിച്ചു. ആ ശിശുവിനു് "ആലീസ്" എന്നു പേരിടാൻ വറുഗീസ് ആഗ്രഹിച്ചുറച്ചു. എന്നാൽ അവിടെയും വസുമതിയുടെ അഭിപ്രായം അധികാരം ചെലുത്തി. അവളുടെ മാതാവിന്റെ പേരു് 'സരോജിനി' എന്നായിരുന്നു. 'സരോജം' എന്നുതന്നെ പെൺകുഞ്ഞിനു് അവൾ പേരിട്ടു.

വറുഗീസിന്റെ പ്രണയം ഒന്നു ചുഴലി കറിങ്ങ്!

IV

ഒരു പള്ളിയും പള്ളിക്കൂടവും വറുഗീസിന്റെ ഭവനത്തിനു് അടുത്തുണ്ടായിരുന്നു. അവിടെയാണു് അയാളുടെ കുട്ടികൾ പഠിച്ചിരുന്നതു്. തനിക്കു് അവിടെ ജോലി കിട്ടിയിരുന്നെങ്കിൽ എന്നു് പലപ്പോഴും അയാൾ ആശ്വാസപൂർവ്വം ആശിക്കാറുണ്ടായിരുന്നു.

അവിടത്തെ ഒരദ്ധ്യാപകന്റെ നിര്യാണവാർത്ത അയാൾ ശ്രവിച്ചു. അനുതാപമല്ല, ആനന്ദമാണു് അതിൽ അയാൾക്കുണ്ടായതു്.

സ്കൂൾ മാനേജരായിരുന്ന വൈദികന്റെ മുമ്പിൽ വേഗം അയാൾ എത്തിക്കഴിഞ്ഞു.

"പിതാവേ"

നിസ്സീമമായ ബഹുമാനപ്രകടനത്തോടെ അയാൾ പറഞ്ഞുതുടങ്ങി:

"ഞാൻ ഇപ്പോൾ നാലുമൈൽ അകലെയാണു് ജോലി നോക്കുന്നതു്."

"കൊള്ളാം"

വൈദികൻ സാവധാനം മറുപടി പറഞ്ഞു.

"പിതാവെ, അവിടെ പോയി പഠിപ്പിക്കുന്നതു് വളരെ വിഷമമാണ്"

"അതു നല്ലതുതന്നെ! ഇഹത്തിൽ വിഷമിക്കുന്നവർക്ക് പരത്തിൽ സുഖിക്കുവാൻ സാധിക്കും!"

അപാരമായ കോപം വറുഗീസിനു് പുരോഹിതനോട്ട തോന്നി. എങ്കിലും തൻെറ ആവശ്യകതയുടെ പേരിൽ കോപത്തെ അയാൾ സംയമനം ചെയ്തു.

"പിതാവേ, ഇപ്പോഴത്തെ ഒഴിവിൽ എനിക്കിവിടെ ജോലി തരണേ"

"നേരത്തേ ഒരാൾ അതിനു് അപേക്ഷിച്ചുപോയി"

"ആരു്"

നിരാശയോടുകൂടെ അയാൾ ചോദിച്ചു.

"ഒരു ഹയർവുകാരൻ"

"എങ്കിലും എനിക്കാണ് ജോലി തരേണ്ടതു്".

"എന്തുകൊണ്ടു്?"

"എനിക്കാണു് യോഗ്യത കൂടുതൽ"

"യോഗ്യതയോ?"

"അതേ, ഞാനൊരു സാഹിത്യകാരനാണു്. വളരെയധികം ചെറുകഥകൾ ഞാൻ എഴുതിയിട്ടുണ്ടു്."

"എന്നാൽ ഇവിടെ രണ്ടാംക്ലാസിൽ പഠിപ്പിക്കുവാൻ വലിയ സാഹിത്യകാരൻ ഒന്നും വേണമെന്നൊന്നും ഇല്ല."

"എങ്കിലും—"

"എങ്കിലും ആദ്യത്തെ അപേക്ഷകൻ കത്തോലിക്കനും ഈ ഇടവകക്കാരനുമാണ്"

അർത്ഥഗർഭമായ ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം തുടർന്നു.

"നിങ്ങളാണെങ്കിൽ അവിശ്വാസിയും, സഭയിൽനിന്നു ബഹിഷ്കൃതനും! നിങ്ങൾക്കു ജോലി തരുവാൻ ഇടവകക്കാർ സമ്മതിക്കുമെന്നു് തോന്നുന്നില്ല."

പിന്നെ ഒരു നിമിഷംകൂടെ അവിടെ നില്ക്കുവാൻ അയാൾക്കു തോന്നിയില്ല. ലജ്ജകൊണ്ടും കോപംകൊണ്ടും വിറക്കുന്ന ശരീരവുമായി അയാൾ വീട്ടിലെത്തി. സൂക്ഷ്മബോധം ഉരുകുകയാണെന്നുള്ള വാസ്തവം അപ്പോൾ മാത്രമാണ് അയാൾക്ക് മനസ്സിലായത്— അല്ല, അനുഭവപ്പെട്ടത്!

"ഇവിടെ രണ്ടാംക്ലാസിൽ പഠിപ്പിക്കാൻ വലിയ സാഹിത്യകാരൻ വേണമെന്നൊന്നും ഇല്ല"

ഹാ! അതിൽ ഒരു നെഞ്ചിടിപ്പ്!

തന്റെ അഭിമാനത്തേ മാത്രമല്ല, സഹൃദയത്വത്തേക്കൂടെ വൈദികൻ മുറിപ്പെടുത്തുകയല്ലേ ചെയ്തത്?— അങ്ങനെ അയാളുടെ ചിന്തകൾ ഭാവനയുടെ പഴുതിൽകൂടി പ്രതികാരത്തിലേക്കു ഇഴഞ്ഞു കയറി.

"അമ്പാ! അച്ചൻ കൊള്ളാമല്ലോ!! വിഷമിക്കുന്നതു നല്ലതാണെന്ന്! അങ്ഹാ!!! എന്നിട്ട് അച്ചൻ വിഷമിക്കുന്നില്ലല്ലോ?"

അയാൾ വാവിട്ടലറി.

"വിഷമിക്കുന്നതു നല്ലതാണെന്ന്! എന്നാൽ ആ പിശാചച്ചനും ഒന്നു വിഷമിക്കട്ടെ!"

ആ സഹൃദയൻ വളരെനേരം ആലോചിച്ചു.

"ആകട്ടെ, കാണിച്ചുതരാം!"

അയാൾ ശപഥംചെയ്തു.

കടലാസും പെൻസിലുമായി അയാൾ കുനിഞ്ഞിരുന്നു. വലതുകൈകൊണ്ട് തലക്കു താങ്ങുകൊടുത്ത് ആ സഹൃദയൻ ആലോചിച്ചു—വളരെനേരം ഗാഢമായി ആലോചിച്ചു. അതിനിടയിൽ പല പ്രാവശ്യം ഇടതുകൈകൊണ്ട് തലയിൽ ചൊറിഞ്ഞു, അവസാനം അയാൾ എഴുതി, "ഞാൻ പിഴയാളി".

"അതേ, അതുതന്നെ!"

ആഹ്ലാദപൂർവ്വം അയാൾ കൈയടിച്ചു. അങ്ങനെ ഒരു ചെറുകഥ അയാൾ എഴുതുകയായിരുന്നു.

ഒരു കത്തോലിക്കാ വൈദികനെ നായകനാക്കി ഒരു ചെറുകഥ മൂന്നുനാലു ദിവസംകൊണ്ട് അയാൾ പൂ

ത്തിയാക്കി. ഒരു കുലകന്യകയുടെ ജാരനെന്ന നിലയിൽ അ പുരോഹിതനെ ചിത്രീകരിക്കുകയായിരുന്നു അയാൾ അതിൽ ചെയ്തതു്. അവസാനം ചെയ്തുപോയ കുററം വൈദികനേക്കൊണ്ടു് സ്വയം സമ്മതിപ്പിക്കുകകൂടെ ചെയ്തപ്പോൾ തൻെറ ശ്രമത്തിനും കഥയ്ക്കും സാഫല്യം വന്നതുപോലെ അയാൾക്കു തോന്നി. 'ഞാൻ പിഴയാളി' എന്നു് വൈദികമേലദ്ധ്യക്ഷൻെറ മുമ്പിലും അ കന്യകയുടെ പിതാവിൻെറ മുമ്പിലും വൈദികനേക്കൊണ്ടു് പാപസമ്മതം ചെയ്യിച്ചു് വറുഗീസ്സ് ആ കഥ ഉപസംഹരിച്ചു. "ഞാൻ പിഴയാളി" പ്രസിദ്ധീകൃതമായി കഴിഞ്ഞപ്പോൾ അയാൾ ഹസ്തതാഡനത്തോടുകൂടെ പറഞ്ഞു:

"അതേ വിഷമിക്കുന്നതു നല്ലതാണു്; എല്ലാ പുരോഹിതന്മാരും ഒന്നു വിഷമിക്കട്ടെ! വിഷമിക്കുന്നതു നല്ലതല്ലേ?"

x x x x

കുറേ താമസിച്ചാണു് വറുഗീസ്സ് വീട്ടിൽ എത്തിയതു്. വിശപ്പിൻെറ കൂടുതൽമൂലം അയാൾ നേരെ അടുക്കളയിലേക്കു നടന്നു.

"വസൂ, ചോറുണ്ടെങ്കിൽ തരണം"

"ചോറുണ്ടു്! എന്നാൽ —"

"എന്നാൽ?"

വസുമതിയുടെ 'എന്നാൽ' അയാളിൽ ദേഷ്യം ഉളവാക്കി.

"എന്നാൽ!"

ഒരു മുളകു കുറേ ഉപ്പുനീററിൽ മുറിച്ചു മുറിച്ചിട്ടിരുന്നതാണു് ചോറു വിളമ്പിയതിനുശേഷം വസുമതി കറിയായി വച്ചുകൊടുത്തതു്.

"എന്തു? കറിയൊന്നുമില്ലേ?"

ഭർത്താവു ദേഷ്യപ്പെട്ടു.

"ഞാനെന്തു വേണം? കറിവെക്കാൻ വല്ലതും കൊണ്ടുവന്നു തന്നിരുന്നോ?"

കറിപ്പാത്രം നിലത്തടിച്ച് ഉടച്ചുകഴിഞ്ഞപ്പോൾ വറു ഗീസിൻെറ കോപം അല്പം ശമിച്ചതുപോലെയായി.

അടുത്തുള്ള പള്ളിയിൽ തടവികൊണ്ട് ഒരിളംകാററ് കിഴക്കോട്ടു നീങ്ങി. പള്ളിക്കശിനിയിലെ കറികളുടെ ഗന്ധം അതിൽപെട്ടു വറുഗീസിൻെറ ഭവനത്തിലെത്തി. ക്ഷണനേരംകൊണ്ട് ഒരുവാ ചോറ് അയാൾ ഇറക്കി. എന്നാൽ കാററുകടന്നു കഴിഞ്ഞു; അയാൾ നിന്നിമേഷനായി!

"കണ്ടോ? നിങ്ങടെ കള്ളപ്പട്ടക്കാരൻ കറിവെച്ച തിൻെറ മണം കണ്ടോ? നിങ്ങളും കറിവെക്കാൻ വല്ലതും കൊണ്ടുവന്നാൽ അതുപോലെ ഞാനും കറി വെച്ചുതരാം. അല്ലാതെ എന്നെക്കൊണ്ട് ഒക്കി യേല!"

അടുക്കളയുടെ മൂലയിൽനിന്നും ഭർത്താവുകേൾക്കത്തക്കവിധത്തിൽ വസുമതി സന്ദർഭോചിതമായി തട്ടിവിട്ടു.

വറുഗീസ് എഴുനേററു; കടലാസും പെൻസിലുമായിരുന്നു, ആലോചിച്ചു.

ഭാര്യയും കുഞ്ഞുങ്ങളും കൂർക്കംവലിച്ചു തുടങ്ങി. അപ്പോഴും എന്തെഴുതണമെന്നു സാഹിത്യകാരനു പിടികിട്ടിയില്ല! വീണ്ടും തലചൊറിഞ്ഞുകൊണ്ട് അയാൾ ആലോചിച്ചു. ഭാവനകളെ പ്രവൃത്തിതങ്ങളാക്കാൻ ശ്രമിച്ചുകൊണ്ട് അയാൾ ചിന്തയിൽ മുഴുകി.

കത്തോലിക്കാമതത്തിലെ ളൂപാശ്വൃത്തി എന്നൊരു പ്രൌഢലേഖനം പാതിരാക്കോഴികൂവികഴിഞ്ഞപ്പോഴേക്കും അയാൾ എഴുതിത്തീർത്തു. ആദിമുതൽ അവസാനംവരെ അയാൾ വായിച്ചുനോക്കി; ഇടക്കിടെ ചില കുത്തും വെട്ടുമൊക്കെ അവിടവിടെയായി കൊടുത്തു.

ഈശ്വരനുണ്ടെങ്കിൽതന്നെയും മതം ആവശ്യമില്ല — അതു മനുഷ്യനെ വീഴ്പ്പുമുട്ടിക്കുന്നു. മതത്തിൽ തന്നെയും ളൂപാശ്കാർ! വൈദികൻെറ ളൂപാശ് ഇല്ലെങ്കിൽ മനുഷ്യൻെറ പ്രാർത്ഥന ഈശ്വരൻ ശ്രവിക്കുകയില്ലെന്നുപോലും — എന്തൊരു യുക്തി? — വൈദികൻ? —

ത്യാഗത്തേക്കറിച്ചു നീട്ടിക്കറുക്കി പ്രസംഗിക്കം— എന്നാൽ വൈദികൻെറ ത്യാഗം — കാലിൽ മുള്ളുകൊള്ളാൻ സമ്മതിക്കയില്ല— എപ്പോഴും അതുകൊണ്ട് ചെരിപ്പിട്ടു നടക്കം— ക്രിസ്തുവിൻെറ കഷ്ടാരിഷ്ടതകളെ വർണ്ണിച്ചിട്ട് നല്ല കണക്കിന് തിന്നുമദിച്ചു സുഖിക്കം — — — — — — അങ്ങനെ, അങ്ങനെ പലതും ആ ലേഖനത്തിൽ അയാൾ ഉൾപ്പെടുത്തി.

V

ദാരിദ്ര്യം വസുമതിയുടെ ജീവിതാദ്ധ്യായവിൽ ഒരു കിടങ്ങുതീൎത്തു. അവൾ അതുകണ്ടു നിൎന്നിമേഷയായി. മറുകര പററുവാൻ ഉപായംനോക്കി, ഒന്നും കാണാതിരുന്നതിനാൽ വിഷാദിച്ചു.

അകലെ അവളുടെ ദൃഷ്ടികൾ പതിഞ്ഞു. അവിടെ ഏതിനേയോ അവൾ കണ്ടു!

"വേണമെങ്കിൽ സഹായിക്കാം"

ദുൎമ്മാൎഗ്ഗവൃത്തി അവളെ സ്വാന്തനപ്പെടുത്തുവാൻ ശ്രമിക്കുകയായി.

അല്പം അവൾ നടുങ്ങി; പഴയ പ്രണയശപഥങ്ങൾ ഓൎത്തു പരുങ്ങി.

"ഇതു് അത്ര അസാധാരണമല്ല – ഞാൻ പലയിടത്തും ചെല്ലാറുണ്ട്."

ദുൎന്നടത്ത അവളേ അങ്ങനെ ഉപദേശിച്ചു. വസുമതിയുടെ ഹൃദയം സ്ത്രീയുടേതുതന്നെയായിരുന്നു, അവൾ അതിനു വഴിപ്പെട്ടു!

ബുദ്ധിവൈഭവം വറുഗീസിനു പ്രകൃതിദത്തമായിരുന്നു. അയാൾക്കു മനസ്സിലായി വസുമതിയുടെ ഗതിവിഗതികൾ. ആദ്യമാദ്യം അയാൾ അമ്പരന്നു; പിന്നെപ്പിന്നെ അയാൾ പിറുപിറുത്തു.

വറുഗീസിനു ബോദ്ധ്യമായി, തനിക്ക് ഒരു തെററു പിണഞ്ഞെന്നു് — വസുമതിയെ ഹൃദയംഗമം സ്നേഹി

ച്ചതു്, അതിൽനിന്നു് അവളെ അപാദചൂഡം വിശ്വസിച്ചതു്. അയാളുടെ അന്നത്തെ കറയററ വിശ്വാസത്തിനു കീഴിൽ ഒരു മറയത്തരം മറഞ്ഞുകിടന്നിരുന്നു. അയാൾക്കു് അതിന്നനുഭവപ്പെട്ടു. സ്വയം അയാൾ ശപിച്ചു; മറെറാന്നും ചെയ്യുവാൻ കഴിയാതിരുന്നതിനാൽ!

ഭാര്യയെ അവിശ്വസിക്കുക — അതിലാണു ഭർത്താവിന്റെ അസമാധാനം! അതു മനസ്സിലാക്കി അയാൾ എല്ലാം ഒതുക്കി — എല്ലാം സഹിച്ചു: എന്നാൽ ആത്മാവു് അന്തരിക്കുന്ന അനുഭവമാണു് അയാൾക്കുണ്ടായതു്!— അഞ്ചുരൂപായും പൌഡറും തൊണ്ടിയായി കണ്ടുകിട്ടിയതു്. അതിൽ അയാൾക്കു് അടങ്ങുവാൻ കഴിഞ്ഞില്ല. സഹൃദയത്വത്തിനു സഹനശക്തി കൂടിയേ തീരൂ എന്നില്ലല്ലോ.

പൌഡർടിൻകൊണ്ടു് അയാൾ എറിഞ്ഞതു് ഭാര്യയുടെ നെററിയിൽ കണ്ണിനുമുകളിലായാണു് കൊണ്ടതു്! അവിടം മുറിഞ്ഞു രക്തമൊലിച്ചു. അവൾ ബോധരഹിതയായി മറിഞ്ഞുവീണു.

നീചപ്രവൃത്തിയാണു് ഭാര്യ ചെയ്തതു്; ഭർത്താവു ചെയ്തതു് അതിലും നീചം! അതെല്ലാം ഓർത്തു് വറുഗീസ് അനുതപിച്ചു — അനുഭവിച്ചതും അനുഭവിക്കേണ്ടതും ഓർത്തു് അയാൾ അനുതപിച്ചു.

പുത്രനേ ഏതോ പാതിരിമാർ അവന്റെ പൂർണ്ണസമ്മതത്തോടുകൂടി കൊണ്ടുപോയ വിവരം വറുഗീസ് ധരിച്ചു. പ്രതികാരബുദ്ധി തിങ്ങിവിങ്ങുന്ന അയാളുടെ ഹൃദയത്തിനു് ദുഃഖിക്കുവാൻ അദ്യം കഴിഞ്ഞില്ല. ആലോചിക്കുവാൻ കഴിഞ്ഞപ്പോൾ അയാൾ ഗാഢമായിതന്നെ ആലോചിച്ചു. എന്നാൽ ഒന്നും ചെയ്യുവാൻ കഴിയാതെ അയാൾ നിരാശനായി. ആ നിരാശ അയാളുടെ ജീവിതത്തെക്കൂടെക്കൂടെ ചുററിക്കെട്ടി!

ഭാര്യയുടെ നെററിയിലെ മുറിവു്— അപ്രധാനമല്ലാത്ത ഒരു മുഹൂർത്തത്തിലാണു് അയാൾ അതു വരുത്തിക്കൂട്ടിയതു്! അത്രമാത്രം അയാൾ കരുതിയിരുന്നില്ലെങ്കിലും,

കയറ്റുവാൻ കഴിയാത്ത ഒരു ഭാരംകൂടി അതിൽനിന്നും അയാൾ ചുമക്കേണ്ടതായിവന്നു. നെയ്യും കുഴമ്പും അയാൾ വളരെ വാങ്ങി; വൈദ്യന്മാക്കും വളരെയൊക്കെ കൊടുത്തു. എന്നാൽ – – –

"ഇതുകൂടെ മതി; ഇതുകൂടെ മതിയായിരിക്കും."

പല പ്രാവശ്യവും അങ്ങനെ ആശ്വസിച്ചുകൊണ്ട് പല മരുന്നുകളും അയാൾ വാങ്ങി. സ്കൂൾശമ്പളത്തിൻെറ പകുതിയിലധികവും അയാൾ അതിനു ചെലവഴിച്ചു. വയറിൽ ഞെക്കിപ്പിടിച്ചുകൊണ്ട് കുറേക്കൂടെ പട്ടിണികിടന്ന്, അയാൾ ചികിത്സചെയ്തു. എങ്കിലുംവേഗം ഭേദമാകുവാനുള്ളതായിരുന്നില്ല മുറിവ് എന്നാണ് അനുഭവത്തിൽനിന്നും തെളിഞ്ഞത്. കൂടാതെയും കുറയാതെയും അങ്ങനെ നീണ്ടുനിന്നു.

വറുഗീസ് നാലുവശത്തേയ്ക്കും നട്ടംതിരിഞ്ഞു. അവിടെയൊക്കെയും ചില ചുടുനെടുവീർപ്പുകൾ മാത്രം! ജീവിതക്ലേശം – സന്താനനഷ്ടം – ഭാര്യയുടെ ദുന്നടത്ത – കരുതാതെ ചെയ്തുപോയ കടംകൈ – ഫലമില്ലാത്ത ചികിത്സ – വരവിലധികമായ ചെലവ് – എല്ലാത്തിനുമുപരി കൊടും പട്ടിണി! അയാളുടെ സഹൃദയത്വത്തിന്നു കീഴിൽ ഇവയെല്ലാം അഗ്നികൊളുത്തി.

മുന്നുംപിന്നും അയാൾ നോക്കി. അവിടമെല്ലാം അഗാധങ്ങളും അന്ധകാരാവൃതങ്ങളും!അവിടവിടെ അയാൾ നിലയില്ലാതെ മുങ്ങിപ്പൊങ്ങി!

ഒരു മാന്ദ്യം വറുഗീസിൻെറ ബുദ്ധിക്കു ഭവിച്ചു. എന്തിലും ഒരു അരസവും അനാസ്ഥയും അയാൾക്കു തോന്നി. ചെയ്യുന്നതും ചെയ്യാനുള്ളതും തമ്മിൽ തിരിച്ചറിയാനുള്ള കഴിവു നഷ്ടപ്പെട്ടു. അതും ഇതും എന്നൊരു വ്യത്യാസം അയാളുടെ ബുദ്ധിയിൽനിന്നു മാഞ്ഞുപോയി.

സ്കൂളിൽപോകേണ്ട കാര്യം ഭാര്യ പറയുമ്പോളാണ് അയാൾ ഓർമ്മിക്കുന്നത്. ഷർട്ടിട്ടത് തിരിഞ്ഞുപോയെന്നും മുടി ചീകിയിട്ടില്ലെന്നും സരോജംവേണം പറഞ്ഞുകൊടുക്കുവാൻ! എത്ര ദിവസം വേണമെങ്കിലും ഭാര്യയിൽ

നിന്ന് അകന്നിരിക്കുവാൻ അയാൾക്കു കഴിയുമെന്നു മായി!

സരോജത്തിൻെറ കളികളും കാര്യങ്ങളും ആ പിതാവിൽ വിരസത ജനിപ്പിച്ചു.

"അച്ഛാ, എനിക്കൊരു പുസ്തകം"

അവൾ ആവശ്യപ്പെട്ടു. അയാൾ അതു കേട്ടെന്നു തോന്നുന്നില്ല.

"അച്ഛാ, എനിക്കൊരു പുസ്തകം"

പിതാവിൻെറ തോളിൽ കൈകൾ ഇട്ടുകൊണ്ട് അവൾ വീണ്ടും പറഞ്ഞു.

"പൊത്തകം! പോടി! പെണ്ണു തല്ലുകൊള്ളരുതു കേട്ടോ"

അയാൾ അലറി. പാവം സരോജം പമ്പ കടന്നു.

"അച്ഛാ, ദേ പുസ്തകം"

ഒരു പുസ്തകവുമായി പിറേന്നു സരോജം പിതാവിനേ സമീപിച്ചു.

"അച്ഛാ, എനിക്കു പുസ്തകം കിട്ടി"

വിചാരമഗ്നനായിരുന്ന പിതാവിനേ അവൾ ഉണർത്തി.

"എവിടുന്ന്?"

"പള്ളിലെ അച്ചൻ തന്നതാ"

"പള്ളീലെ അച്ചൻ! മനുഷ്യരേ ഭരിക്കുന്ന മനുഷ്യത്വമില്ലാത്ത അച്ചൻ!"

"എന്നാ അച്ഛാ!"

സരോജം പിതാവു മന്ത്രിച്ചതെന്താണെന്ന് സകൗതുകം അന്വേഷിച്ചു.

"മനുഷ്യത്വമില്ലാത്ത — — — പോടി നീ!"

അയാളുടെ വാക്കുകൾക്ക് പരസ്പരബന്ധമില്ലായിരുന്നു.

VI

സരോജത്തിൻെറ വിദ്യാഭ്യാസം അസ്വാശ്രയുടെ അവശതയുമായി വിരാമത്തിൻെറ പടിവാതൽവരെവന്നു.

ബുക്കുകൾ വാങ്ങേണ്ട കാര്യം പിതാവിനോടു പറഞ്ഞാൽ അയാൾ അതുമിതുമട്ടഹസിച്ചു തുള്ളിച്ചാടും. അരവയറും പട്ടിണിയുമായാണു് പലപ്പോഴും അവൾക്കു് പള്ളിക്കൂടത്തിൽ പോകേണ്ടിയിരുന്നതും.

സ്കൂൾ മാനേജരായിരുന്ന വൈദികൻെറ മുമ്പിൽ മററു കുട്ടികാരോടുകൂടെ ഒരിക്കൽ എത്തി. മോഹനമെങ്കിലും മെലിഞ്ഞ അവളുടെ ശരീരം അദ്ദേഹത്തിൻെറ ദൃഷ്ടികളെ കൂടുതൽ ആകർഷിച്ചു. അവളെ അദ്ദേഹം അരികിൽ വിളിച്ചുചോദിച്ചു. വീടേതു്? പേരെന്തു്? അങ്ങനെ പലതും. അതിനെല്ലാം അവൾ അറിയാവുന്നതുപോലെ മറുപടി കൊടുത്തു.

"ചെറുകഥാകാരൻെറ മകൾ!"

ഒരവജ്ഞയോടുകൂടി അദ്ദേഹം മന്ത്രിച്ചു. എങ്കിലും അദ്ദേഹത്തിനവളോടു് അനുതാപം തോന്നി — ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും ആഞ്ഞുയന്ന ഒരനുതാപം! അവളുടെ കുഞ്ഞിക്കണ്ണുകളെ തടവിക്കൊണ്ടു് അദ്ദേഹം ചോദിച്ചു:

"കുഞ്ഞു്, ഇന്നു വല്ലതും കഴിച്ചോ"

"ഇല്ല"

ആകമാനം ഒരമ്പരപ്പു്! ദയനീയതയുടെ തൊണ്ടയിടറിൽനിന്നും ഒരു അഗാധതയിലേക്കു് ആ സ്വരം നീണ്ടുപോയി! ഒരു വല്ലായ്മ! ആ വല്ലായ്മ അദ്ദേഹത്തിൻെറ ഹൃദയദലങ്ങളിലേക്കു് അടന്നുവീണു!

ഒരു കഷണം റൊട്ടി അദ്ദേഹം സരോജത്തിനു കൊടുത്തു.

"കുഞ്ഞു നാളെ വരുമോ?"

"വരാം"

സരോജത്തിനുകൂടെ എന്നും ഉച്ചക്കു ചോറുകൊടുക്കുവാൻ അദ്ദേഹം വേലക്കാരനോടു് ഇടപാടു ചെയ്തു. അതറിഞ്ഞപ്പോൾ വസുമതിക്കു് അതിയായ അതൃപ്തി തോന്നി.

"കള്ളപ്പട്ടക്കാരൻെറ ചോറു്!"

അവൾ പുലമ്പി. കഴിയുന്നിടത്തോളം വ്യാപകമായി അ

വൾ ചിന്തിച്ചു. പുത്രിയുടെ കാര്യം ഏതുവിധമെങ്കിലും നടക്കുന്നെങ്കിൽ നടക്കട്ടെ. അതായിരുന്നു അവൾ കണ്ടെത്തിയ സിദ്ധാന്തം. അതുകൊണ്ടു് അവൾ മകളോട് വിസമ്മതം ഒന്നും പറഞ്ഞില്ല.

"മേരി"

സരോജത്തിനെ അങ്ങനെ ആ വൈദികൻ സംബോധന ചെയ്തു.

"അല്ലച്ചാ, സരോജമെന്നാ എൻെറ പേരു്" അവൾ അദ്ദേഹത്തെ നിയന്ത്രിച്ചു.

"മകളേ അതു മീത്തപ്പേരാ. മേരി എന്നുള്ളതു് ദൈവത്തിൻെറ അമ്മയുടെ പേരാണു്. അങ്ങനെ ഞാൻ വിളിക്കുമ്പോൾ വിളി കേൾക്കണം; കേട്ടോ.

"മേരി!"

"എന്തോ"

"ഒന്നുകൂടെ, മേരി!"

"എന്തോ"

"അങ്ങനെയേ ഞാൻ വിളിക്കുകയുള്ളു കേട്ടോ"

സരോജത്തിനു് നിസ്സീമമായ സ്നേഹം ആ പുരോഹിതനോട്ട ജനിച്ചു. പള്ളിക്കൂടത്തിലെ ആവശ്യങ്ങളെല്ലാം അവൾ അദ്ദേഹത്തെ അറിയിക്കും. അദ്ദേഹം അവയെല്ലാം സസന്തോഷം നിവൃത്തിക്കും. അങ്ങനെ അവൾ നാലാംക്ലാസ്സിൽ ജയിച്ചു.

"ഇനി പഠിക്കുവാൻ മേരിക്ക് ആഗ്രഹമുണ്ടോ?" അദ്ദേഹം ചോദിച്ചു.

"ഉണ്ടു്"

"എവിടെ?"

"വാ"

അവളെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പിക്കുന്നതിനുംവേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കുന്നതിനും അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. അതിൽ അവളുടെ മാതാപിതാക്കളുടെ അഭിപ്രായം അറിയുവാൻ അദ്ദേഹം ശ്രമിച്ചു.

"കുഞ്ഞിനെ ഞാൻ ഇംഗ്ലീഷ് സ്കൂളിൽ ചേർക്കാം. ഫീസും ബോർഡിംഗ് ഫീസും തരാം. വീട്ടിൽ ചെന്നു പറയണം കേട്ടോ."

സന്തോഷംകൊണ്ടു് അവൾ കുടുകുടെ ചിരിച്ചു.

മകളിൽനിന്നും വിവരം ധരിച്ച വറുഗീസ് ഒന്നും മറുപടി പറഞ്ഞില്ല. അയാളുടെ കണ്ണുകളിൽ രണ്ടു കണ്ണുനീർക്കണങ്ങൾ എത്തിനോക്കുകമാത്രം ചെയ്തു.

മാതാവിനെയും അവൾ വിവരം ധരിപ്പിച്ചു. എന്നാൽ ഒരു വിസമ്മതമാണു് അവിടെനിന്നുമുണ്ടായതു്.

"ങ്ഹും! എനിക്കിപ്പം പഠിക്കണ്ണോല്ലോ"

സരോജം നിലവിളിച്ചു തുടങ്ങി.

"നേരാണേ"

വസുമതി ആലോചിച്ചു; വളരെനേരം ആലോചനയിൽ തന്നെ കഴിച്ചു.

"അവൾക്കു പഠിക്കണം; തീർച്ചയായും പഠിക്കണം. എന്നാൽ ഇവിടെ നിവൃത്തി എന്തു്? അവൾക്കു പഠിക്കണം — അതു തീർച്ച. ആരു പഠിപ്പിച്ചാലെന്തു്? പഠിക്കാൻ കഴിയുന്നെങ്കിൽ അവൾ പഠിച്ചു കൊള്ളട്ടെ"

മാതാവിന്റെ സമ്മതം സരോജത്തിനു ലഭിച്ചു.

അകലെ ഒരു കത്തോലിക്കാസ്ക്കൂളിൽ ആ വൈദികൻ സരോജത്തിനെ ചേർത്തു; ആവശ്യമായ സകല പണവും അയച്ചുകൊണ്ടിരുന്നു. അപ്പോഴും അദ്ദേഹം എഴുത്തുകളും അയച്ചു. അവയിലെല്ലാം ഓരോ ക്രിസ്തീയ തത്വങ്ങളെയും അദ്ദേഹം അടക്കം ചെയ്തുവന്നു.

ആണ്ടിൽ രണ്ടോ മൂന്നോ പ്രാവശ്യംമാത്രം സരോജം വീട്ടിൽവരും. വന്നാൽ അധികസമയവും പള്ളിയിൽ പട്ടക്കാരനോടുകൂടെ കഴിച്ചുകൂട്ടും. വസുമതിക്കു് അതിൽ അസഹ്യത തോന്നി. എങ്കിലും മകൾ പഠിക്കാവുന്നിടത്തോളം പഠിച്ചുകഴിയുമ്പോൾ നിയന്ത്രിച്ചുകൊള്ളാം എന്നവൾ ആശ്വസിച്ചു.

ഭൂമി അതിന്റെ സംവത്സരവൃത്തത്തിൽ പിന്നെയും പഴയതുപോലെ പല വട്ടം കറങ്ങി. പഴയതിൽ പലതും ഒരു പുതുമയിൽപെട്ടു മുന്നോട്ടു കടന്നു.

അവധി കിട്ടിയപ്പോൾ സരോജം വീട്ടിൽ വന്നു.

"അമ്മാ, ഞാനെന്റെ പേരുമാറി"

അവൾ പറഞ്ഞു.

"പേരുമാറിയോ? എന്തിന്?"

ആ ഗൃഹം വസുമതിയുടെ ശബ്ദത്തിൽ നടുങ്ങി.

"ആ പേര് ഇഷ്ടമില്ലാഞ്ഞിട്ട്."

"എന്നതാടി നിന്റെ പേര്?

"ദൈവമാതാവിന്റെ പേരാണ്"

"ദൈവമാതാവോ? ഇതാണോ ആ കള്ളപ്പട്ടക്കാരൻ പഠിപ്പിച്ചത്?"

"മേരി എന്നാണ് എന്റെ പേര്"

"മേരി! നിന്നെ ഞാൻ കാണിച്ചുതരാം"

അവളുടെ ശരീരം കിലുകിലെ വിറച്ചു. കയ്യായിരുന്ന നീളമുള്ള ഒരു വിറകുചുള്ളി കൈയിലെടുത്ത് പുത്രിയുടെ കോമള ഗാത്രത്തിൽ അവൾ നിർദ്ദയം പ്രഹരിച്ചു

ശക്തിയേറിയ ആ പ്രഹരത്തിൽ വടിയുടെ ഒരു കഷണം ഒടിഞ്ഞു തെറിച്ചു. അത് അവളുടെ നെററിയിൽ ചെന്നു കൊണ്ടു. അന്നും ഭേദമാകാതിരുന്ന മുറിവിൽനിന്നും രക്തം ധാരധാരയായി പ്രവഹിച്ചു. അവൾ മറിഞ്ഞുവീണു.

"അമ്മാ! അമ്മാ! അമ്മാ!

സരോജം അമ്പരന്നു നിലവിളിച്ചു.

"അമ്മാ! അമ്മാ!"

സരോജത്തിന്റെ ശരീരം കോരിത്തരിച്ചു. എന്തു ചെയ്യേണമെന്നറിയാതെ അവൾ കുറേനേരം നിന്നുപോയി.

രക്തം നിറഞ്ഞ മാതൃമുഖത്തിൽ അവൾ വെള്ളം കൊണ്ടുവന്നു തളിച്ചു. എന്നാൽ അവിടെ ഒരു ചില്ലികൊടിയുടെ ചലനംപോലും സംഭവിച്ചില്ല.

"അമ്മാ! അമ്മാ!"

അവൾ ഭയചകിതയായി വീണ്ടും വിളിച്ചു. മാതാവി ൻെറ തോളിൽ അവൾ തട്ടിയിളക്കി. ഒരു നെഞ്ചിടി പ്പോടുകൂടെ അവൾ പൊട്ടിക്കരഞ്ഞു.

പൊട്ടിക്കരയുന്നതിനിടയിൽ മാതൃപാദങ്ങളെ അ വൾ കൈകൊണ്ടു തലോടി. അവിടെ ഒരു തണുപ്പു മാത്രം!

"അയ്യോ! എൻറമ്മച്ചി!! എൻെറ പൊന്ന മ്മച്ചി!!!"

സരോജം പുറകോട്ടു മറിഞ്ഞു.

മരണത്തിൻെറ മടിത്തലത്തിൽ നിദ്രചെയ്യുന്ന പ്രേ യസിയേയും ആതങ്കാധിക്യത്തിൽ അവശയായിത്തീർന്ന പുത്രിയേയും അരുൺ വറുഗീസ് അന്നു വീട്ടിൽ വന്ന പ്പോൾ കണ്ടത്.

## VII

മാതാവിൻെറ മരണം സരോജത്തിൻെറ ജീവിത ത്തിൽ അന്ധകാരം വ്യാപരിപ്പിച്ചു. അത് അവളുടെ മാർഗ്ഗങ്ങളെ അടച്ചുകെട്ടി. അവളുടെ വിദ്യാഭ്യാസവും അതോടുകൂടെ നിലച്ചു. നെടിയ നിശ്വാസങ്ങളുമായി അവളുടെ ജീവിതം മുമ്പോട്ടുനീങ്ങി. ഒരു നിലയില്ലാഴി കയിൽപെട്ട് മിക്കവാറും അതു തുടിക്കുകയായിരുന്നു.

അവളെ വാത്സല്യപൂർവ്വം വളർത്തിവന്ന വന്ദ്യവൈദി കനും അവിടെനിന്നു സ്ഥലംമാറി. അങ്ങനെ അവളെ അനുഗ്രഹിക്കാൻ അവതരിച്ച സ്നേഹമൂർത്തിയുമായി പി ന്നെയെന്നും പിരിയേണമെന്നു വന്നതിൽ അവളുടെ ഹൃ ദയം നീറി.

ആശ്വാസത്തിന് അവൾ വഴിതെളിച്ചു. ഒരു കു രിശുരൂപവും ദൈവമാതാവിൻെറ ഒരു ചിത്രവും വൈ ദികൻ അവൾക്കു കൊടുത്തിരുന്നു. ഭവനത്തിലെ ഒരു മുറിയിൽ അവ രണ്ടും സരോജം സ്ഥാപിച്ചു. കമനീയ കസുമങ്ങൾകൊണ്ട് അലങ്കരിച്ച അവയുടെ മുമ്പിൽ

അവൾ മുട്ടുകുത്തി ധ്യാനനിരതയായി. മാതാവിൻെറ ആത്മശാന്തിക്കും, സഹോദരൻെറ സൌഭാഗ്യത്തിനും, പിതാവിൻെറ ഹൃദയസുഖത്തിനുംവേണ്ടി അവൾ പ്രാർത്ഥിച്ചുവന്നു. അങ്ങനെ ആത്മീയാശ്വാസത്തിൽ അവൾ അണയാവുണ്ടായിരുന്നു.

സംവത്സരങ്ങൾ സംഭവങ്ങളെ പിന്നിട്ടു മുന്നോട്ടുപോയി. സരോജത്തിൻെറ സൌന്ദര്യം ഒരു സ്വാരസ്യത്തോടുകൂടെ അന്നൊക്കെയും വളൻവന്നു.

പലരും വറുഗീസിനെ പ്രാപിച്ചു. മകളുടെ വിവാഹാലോചനയ്ക്കുവേണ്ടി.

"ഹാ പോ!"

ബുദ്ധിസ്ഥിരതയില്ലാത്ത അയാൾക്ക പലപ്പോഴും തെന്നിമാറിക്കൊണ്ടു പറയേണ്ടതായി വന്നു.

വളരെ യുവാക്കന്മാർ സരോജത്തെ ക്ഷണിച്ചു, ദാമ്പത്യത്തിൻെറ വിരുന്നുണ്ണാൻ

"എനിക്ക വിശപ്പില്ല"

സാഹിത്യകാരൻെറ മകൾ മറുപടി പറഞ്ഞു.

"വിഭവങ്ങൾ തീൻപോകും"

അവർ അവളെ താക്കീതുചെയ്തു.

"വിഭവങ്ങൾ തീരാത്ത വിരുന്നു ശാലയിലേക്കേ ഞാൻ വരുന്നുള്ളു"

"അതു സാധ്യമാണോ?"

"സാദ്ധ്യമാകുമോ എന്നു ഞാനൊന്നു നോക്കട്ടെ!"

കരിങ്കൂവളം മാറോടണച്ചുകൊണ്ട് സരോജം മറുപടി കൊടുത്തു.

പലപ്പോഴും അവൾ പിതാവിനെ ഉപദേശിച്ചു, എണ്ണ തേയ്ക്കുന്നതിനും കുളിക്കുന്നതിനും മറ്റും. എന്നാൽ അയാളുടെ ചിന്തകൾ അയാളുടെ തലമുടിപോലെ നാലുപാടും പതറുകയായിരുന്നു.

പിതാവു വെടിപ്പായ വസ്ത്രങ്ങൾ ധരിച്ചുകാണുവാൻ സരോജം കൊതിച്ചു. എന്നാൽ അവ എത്രതന്നെ മുഷിഞ്ഞാലും അയാൾക്ക മുഷിച്ചിൽ തോന്നുകയില്ലായി

രുന്നു. അതിൽ വിദ്യാസമ്പന്നയായ മകളുടെ അഭിമാനത്തിന്റെ ഉറവ വററി വരണ്ടുപോയി.

പത്തും പന്ത്രണ്ടും ദിവസങ്ങൾ കളിക്കാതിരുന്നാലും വറുഗീസ് അതു മനസ്സിലാക്കുകയില്ല.

"അച്ഛാ, കുളിച്ചിട്ടെത്രയായി? ഞാൻ വെള്ളം ചൂടാക്കിത്തരാം. അച്ഛൻ ഒന്നു കുളിക്കൂ"

പുത്രി സ്നേഹപൂർവ്വം അപേക്ഷിച്ചു.

"വേണ്ടാ"

അയാൾ നിഷേധവാക്യത്തിൽ പ്രതിവചിച്ചു. തുടൎന്ന് അയാൾ എന്തൊക്കെയോ പുലമ്പി:

"വെള്ളം ചൂടാക്കുന്നു! ഞാൻ തണുത്തു പോയി! തണുത്തു തണുത്തു തകൎന്നു! ആരു ചൂടാകുവാനാണ്?"

"അച്ഛൻ ഇന്നു പള്ളിക്കൂടത്തിൽപോകുന്നില്ലേ?"

ജോലിക്കു പോകുവാൻ മറന്നിരിക്കുന്ന പിതാവിനെ ചിലപ്പോൾ സരോജം ഓൎമ്മപ്പെടുത്തുവാൻ ശ്രമിക്കും.

"ഉവ്വ്; ഞാൻ പോയിരുന്നു. അന്നാണു നിന്റെ അമ്മയെ ഞാൻ ആദ്യം കണ്ടത്. പള്ളിക്കൂടം! വസൂ പഠിക്കുന്ന പള്ളിക്കൂടം! അവിടെ ഞാൻ ഇനി എന്നാണു പോകുന്നത്?"

"രവി! രവി! ആ കഴുവേറിയച്ചൻ--"

രാത്രിയിൽ ദുസ്വപ്നം കണ്ടു നിലവിളിച്ച് പിതാവു ഞെട്ടി എഴുനേല്ക്കുമ്പോൾ സരോജം വിളക്കുകൊളുത്തും.

"അച്ഛാ, അച്ഛൻ കിനാവു കണ്ടോ?"

അവൾ അന്വേഷിച്ചു.

"ദുഷ്ടേ, നിന്നെ ഞാൻ വേളികഴിച്ചതിനാൽ ഇങ്ങനെയായി"

"അച്ഛാ! അച്ഛാ!"

സരോജം അമ്പരന്ന് അയാളുടെ പുറം തിരുമ്മും.

"അല്ല; സരോ?"

അയാൾ ആശ്ചര്യത്തോടേ ചോദിക്കുകയാണ്:

"നീ എന്തിനാണ് എഴുനേററത്?"

ഒരു പ്രഭാതത്തിൽ പതിവുപോലെ വറുഗീസ് ഉണർന്നില്ല.

"അച്ഛാ!"

സരോജം വിളിച്ചു. അയാൾ ഒന്നു ഞരങ്ങുകമാത്രം ചെയ്തു.

"അച്ഛാ! അച്ഛാ!"

"ങ്ഹേ, ങ്ഹേ, ആ പൌഡർ എടുത്തു ദൂരെ കളെ"

"ഏതു പൌഡർ?"

"ആ അഞ്ചുരൂപായെവിടെ?"

സരോജം അത്ഭുതപ്പെട്ടു.

"അച്ഛൻ എന്താണു പറയുന്നത്?"

"കുഞ്ഞേ, സരോജം, എനിക്കുമേലാ! അയ്യോ എനിക്കുമേലാ! വൈദ്യനെ വിളിക്കു. എൻെറ ചങ്കു പൊട്ടുന്നേ! അയ്യോ അവനെവിടെ? അവൾ – –"

സരോജത്തിൻെറ കണ്ണുകളിൽ തപ്താശ്രുബിന്ദുക്കൾ തുളുമ്പിനിന്നു.

"ദൈവമേ! കർത്താവേ!"

അവൾ ഹൃദയം തുറന്നു പ്രാർത്ഥിച്ചു.

വറുഗീസിൻെറ രോഗം കൂടിക്കൂടിവന്നു. ചികിത്സകൾ ചിലതെല്ലാം വൈദ്യൻ പറഞ്ഞതുപോലെചെയ്തു. എന്നാൽ സരോജത്തിൻെറ പ്രതീക്ഷകൾ മെലിഞ്ഞു മെലിഞ്ഞു വന്നു.

"കുഞ്ഞേ നീ വന്നോ?"

ഒരു മയക്കത്തിൽനിന്നും ചെറുകഥാകാരൻ ഞെട്ടിയുണർന്നു.

"അച്ഛാ!"

അടുത്തിരുന്ന സരോജം അയാളുടെ മാറിൽ കൈയോടിച്ചു.

വഴിയിൽ ഒരു കാർ വന്നുനിന്നു. അതിൽനിന്നും കറുപ്പുകുപ്പായം ധരിച്ച ഒരു വൈദികൻ ഇറങ്ങി നടന്നു. രോഗിയുടെ മുറിയിൽ എത്തി അദ്ദേഹം സൂക്ഷിച്ചുനോക്കി. ക്ഷണം ആ കണ്ണുകൾ കലങ്ങി നിറഞ്ഞു.

"പിതാവേ!"

മുട്ടുകുത്തി ഇടറുന്ന സ്വരത്തിൽ അദ്ദേഹം വിളിച്ചു.

"അയ്യോ ചേട്ടൻ! എൻെറ ചേട്ടൻ!"

സന്തോഷത്തോടും സന്താപത്തോടുംകൂടി സരോജവും മുട്ടുന്നി.

"പിതാവേ, എൻെറ വന്ദ്യപിതാവേ!"

വറുഗീസിൻെറ പാദങ്ങളിൽ അദ്ദേഹം ചുംബിച്ചു. സരോജവും സഹോദരനെ അനുകരിച്ചു.

"മകനേ! രവീന്ദ്രാ!"

രോഗി എഴുന്നേററു. പുത്രനെ അയാൾ മാറോടുചേർത്തു. ഉടൻ ആ രംഗം മറഞ്ഞു.

"മകനേ എനിക്കു മതിയായി! സരോജം — — എൻെറ പൊന്നു സരോജം — — ഞാൻ — — മരിക്കുന്നു — — — വന്നു, നില്ക്കു — — — സരോജം — — മകനേ — — എൻെറ ദൈ — — വ — —"

അയാൾ ശയ്യയിൽ കിടന്നു കൈകാലുകൾ വലിച്ചു കുടഞ്ഞു.

"ചേട്ടാ, അച്ഛന് പാപമോചനം കൊടുത്തിട്ട്, അന്ത്യക്രിയാ കൊടുക്കു!"

രണ്ടു വെള്ളി നക്ഷത്രങ്ങൾ സരോജത്തിൻെറ കണ്ണുകളിൽ വാരൊളി തൂകി!

സമാപ്തി.

# വായിക്കുക

"കുസുമങ്ങൾ"

| | | | | |
|---|---|---|---|---|
| No 1 | മാപ്പ്പാപ്പാ മാതാക്കളോട് | 0 | 2 | 0 |
| ,, 2 | ഇതാണ് നീതി | 0 | 3 | 0 |
| ,, 3 | പാരമ്പര്യസ്തവം | 0 | 1 | 0 |
| ,, 4 | തിരുസ്സഭ | 0 | 1 | 0 |
| ,, 5 | ഫാദർ ഡേമിയൻ | 0 | 1 | 0 |
| ,, 6 | ആദിമാതാപിതാക്കന്മാർ | 0 | 2 | 0 |
| ,, 7 | ക്രിസ്തുവിൻെറപടയാളികൾ | 0 | 1 | 0 |
| ,, 8 | സത്യമായമതം | 0 | 3 | [illegible] |
| ,, 9 | ക്രിസ്തു ഇന്നും | 0 | 3 | 0 |
| ,, 10 | യൗവനചൈതന്യം | 0 | 2 | 0 |
| ,, 11 | നമ്മുടെ കുടുംബം | 0 | 2 | 0 |
| ,, 12 | വ്യാവസായിക സൗഹാർദ്ദം | 0 | 2 | 0 |
| ,, 13 | ഇതാണോ കുർബാന? | 0 | 2 | 0 |
| ,, 14 | പ്രശ്നങ്ങൾ | 0 | 4 | 0 |
| ,, 15 | ഇതോ വായിക്കുന്നതു്? | 0 | 1 | 6 |
| ,, 16 | ഭാരതത്തിലെ കത്തോലിക്കാസഭ | 0 | 1 | 6 |
| ,, 17 | പ്രചോദനം | 0 | 2 | 0 |
| ,, 18 | പുരോഗമനം | 0 | 2 | 0 |
| ,, 19 | ഭൂക്ഷിച്ചകഥകൾ | 0 | 2 | 6 |
| ,, 20 | വൈദികൻെറ പണപ്പിരിവ് | 0 | 2 | 6 |

| No. | | | | |
|---|---|---|---|---|
| ,, 21 | സഹനത്തിൻെറ മഹനീയ മാതൃക | 0 | 3 | 0 |
| ,, 22 | ഫാററിമാ മാതാവ് | 0 | 4 | 0 |
| ,, 23 | ചെസ്റ്റർട്ടൻെറമാനസാന്തരം | 0 | 4 | 0 |
| ,, 24 | ഭാഗ്യപരീക്ഷ | 0 | 2 | 6 |
| ,, 25 | സുവിശേഷത്തിലെ സ്ത്രീകൾ | 0 | 2 | 6 |
| ,, 26 | അങ്ങനെ അവരുടെ കല്യാണവും കഴിഞ്ഞു | 0 | 2 | 0 |
| ,, 27 | സാമുദായികപ്രബോധനം | 0 | 5 | 0 |
| ,, 28 | പരിശുദ്ധരായ മൂന്നു സേവകന്മാർ | 0 | 3 | 0 |
| ,, 29 | ആ പുരോഗമന സാഹിത്യകാരൻ | 0 | 3 | 0 |
| ,, 30 | കാശിക്ക് | 0 | 2 | 6 |
| ,, 31 | ക്രിസ്തുമസ് സന്ദേശം | 0 | 3 | 0 |
| ,, 32 | പ്രജാധിപത്യവും സമാധാനവും | 0 | 2 | 0 |
| ,, 33 | ബേത്ലഹം(കഥാപ്രസംഗം) | 0 | 3 | 0 |
| ,, 34 | മിന്നാമിനുങ്ങ് | 0 | 2 | 6 |
| ,, 35 | കണ്ണുനീർ (കഥാപ്രസംഗം) | 0 | 2 | 6 |
| ,, 36 | മര്യാദ | 0 | 3 | 0 |
| ,, 37 | നമ്മുടെ ഭാവി. | 0 | 2 | 6 |
| ,, 38 | ഫ്രാൻസീസും, ക്ലാരയും | 0 | 2 | 6 |
| ,, 39 | സഖാക്കൾ | 0 | 4 | 0 |
| ,, 40 | കഥാകാരൻ | 0 | 4 | 0 |

സൂപ്രണ്ട്,
സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.

H III/184

# കഥാകാരൻ

40



ജെറോം

Indic Digital Archive Foundation
gpura.org